**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5160** **14-03-2023 - ൽ മറുപടിയ്ക്ക്**

**പുതുതായി ആരംഭിക്കുന്ന ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനായി 15.09.2017-ലെ സ.ഉ. (കൈ) നം. 75/2017/തൊഴിൽ ഉത്തരവ് പ്രകാരം വെഞ്ഞാറമൂട് കേന്ദ്രമായി അനുവദിച്ച ഡിസ്പെൻസറി ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | **വെഞ്ഞാറമൂട് അനുവദിക്കപ്പെട്ട ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിന് വേണ്ടി വെഞ്ഞാറമൂട് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന BSNL ന്റെ കെട്ടിടം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ കോർപ്പറേഷൻ തലത്തിൽ പുരോഗമിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ ഡിസ്പെൻസറികൾക്കും ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വെഞ്ഞാറമൂട് ഡിസ്പെൻസറിക്ക് ഡോക്ടർമാരുടേത് ഉൾപ്പടെ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | **15.09.2017 ലെ സ.ഉ(കൈ)നം.75/2017/ തൊഴിൽ ഉത്തരവ് പ്രകാരം വെഞ്ഞാറമൂട് ഇ.എസ്.ഐ ഡിസ്പെൻസറി ഒറ്റ ഡോക്ടർ ടൈപ്പായി പ്രവർത്തനം ആരംഭിക്കുന്നതിന് ഒരു ഡോക്ടർ തസ്തിക ഉൾപ്പെടെ 9 തസ്തികകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ഡിസ്പെൻസറി രണ്ട് ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയായി പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഇ.എസ്.ഐ കോർപ്പറേഷൻ അനുമതി നൽകിയിട്ടുള്ളത്. ആയതിലേയ്ക്കായി 15.09.2017 ലെ സ.ഉ(കൈ)നം.75/2017/തൊഴിൽ പ്രകാരം സൃഷ്ടിക്കപ്പെട്ടതും നിലവിൽ ഉപയോഗിക്കാത്തതുമായ തസ്തികകളിൽ നിന്നും അധികം വേണ്ട തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.** |
| (സി) | പ്രസ്തുത ഉത്തരവ് ഇപ്പോൾ നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | നിലനിൽക്കുന്നുണ്ട് |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പുകൾ നൽകാമോ; | (ഡി) | **15.09.2017 ലെ സ.ഉ(കൈ)നം.75/2017/ തൊഴിൽ ഉത്തരവിന്റെ പകർപ്പ്** അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത ഡിസ്പെൻസറി ആരംഭിക്കാൻ താൽക്കാലികമായി കണ്ടെത്തിയ കെട്ടിടം പര്യാപ്തമാണോയെന്ന് വിശദമാക്കാമോ; | (ഇ) | 1258 Sq. Ft ഉള്ള BSNL ന്റെ കെട്ടിടം രണ്ട് ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിന് പര്യാപ്തമാണ്. |

| | | | |
|---|---|---|---|
| (എഫ്) | പുതിയ ഡിസ്പെൻസറി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (എഫ്) | ഡിസ്പെൻസറി പ്രവർത്തിപ്പിക്കുന്നതിനു വേണ്ടിയുള്ള വാടക കെട്ടിടം ഇ.എസ്.ഐ കോർപ്പറേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് ഡിസ്പെൻസറി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് - പുതുതായി 18 'ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ' ആരംഭിക്കുന്നതിന് അനുമതി നൽകി - അതിന്റെ പ്രവർത്തനത്തിന് ആവശ്യമായ 162 സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ.(കൈ.) നം.75/2017/തൊഴിൽ. തിരുവനന്തപുരം, തീയതി:15-09-2017**

---

പരാമർശം:- 1) സീനിയർ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറുടെ 08.02.2016, 08.03.2016 എന്നീ തീയതികളിലെ 54.സി.28.12.ഡി.ഐ.എം.എസ്/എസ്.എസ്.എം.സി നമ്പർ കത്തുകൾ.

2) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 17.03.2016, 23.05.2016, 20.10.2016, 16.01.2017 തീയതികളിലെ ബി2-5478/2016/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ .

3) തൃശ്ശൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 12.04.2016 ലെ 54.വി.14/11/1/2016. ബിഎഫ് റ്റി എസ് നമ്പർ കത്ത്

**ഉത്തരവ്**

ESIC 2.0 പരിഷ്കരണത്തിന്റെ ഭാഗമായി കേരള സംസ്ഥാനമാകെ ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി. ഇപ്രകാരം ഇ.എസ്.ഐ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വളരെയധികം വർദ്ധനവുണ്ടാകുന്നതിനാൽ സംസ്ഥാനത്തെ 9 ജില്ലകളിലായി 18 സ്ഥലങ്ങളിൽ ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം -2 ലെ കത്തുകൾ മുഖേന ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന സ്ഥലങ്ങളിൽ 18 പുതിയ ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജില്ല | സ്ഥലം |
|---|---|---|
| 1 | തിരുവനന്തപുരം | വെഞ്ഞാറമൂട് |
| 2 | കൊല്ലം | കുളത്തുപ്പുഴ |
| 3 | പത്തനംതിട്ട | റാന്നി |
| 4 | ഇടുക്കി | കണ്ണൻദേവൻ ഹിൽസ്, പീരുമേട്, മന്നാംകണ്ടം, കട്ടപ്പന, കുമിളി |
| 5 | എറണാകുളം | കൂത്താട്ടുകുളം |
| 6 | പാലക്കാട് | ആലത്തൂർ, മണ്ണാർക്കാട്, കുറ്റനാട് |
| 7 | മലപ്പുറം | കൊണ്ടോട്ടി |
| 8 | കോഴിക്കോട് | മുക്കം, ബാലുശ്ശേരി, താമരശ്ശേരി, |
| 9 | വയനാട് | സുൽത്താൻ ബത്തേരി, മാനന്തവാടി |

3) പുതുതായി രൂപീകരിക്കുന്ന 18 ഇ.എസ്.ഐ ഡിസ്പെൻസറികളുടെയും സുഗമമായ പ്രവർത്തനത്തിനായി ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഒരോ ഡിസ്പെൻസറിയിലും 9 തസ്തികകൾ വീതം ആകെ 162 (18 x 9 = 162) സ്ഥിരം തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | അനുവദിച്ച തസ്തികകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ | 45800-89000 | 1 |
| 2 | സ്റ്റാഫ് നഴ്സ് ഗ്രേഡ്- II | 26500-56700 | 1 |
| 3 | ഫാർമസിസ്റ്റ് ഗ്രേഡ് - II | 22200-48000 | 1 |
| 4 | ആക്സിലറി നഴ്സ് മിഡ് വൈഫ് | 19000-43600 | 1 |
| 5 | ക്ലർക്ക് | 19000-43600 | 1 |
| 6 | നഴ്സിംഗ് അസിസ്റ്റന്റ് | 17000-37500 | 1 |
| 7 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II | 16500-35700 | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 16500-35700 | 1 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 8200-13340 | 1 |
| | **ആകെ** | | 9 |

4) പുതുതായി ആരംഭിക്കുന്ന 18 ഇ.എസ്.ഐ ഡിസ്പെൻസറികളിൽ സൃഷ്ടിക്കുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതാണ്.

5) ഇപ്പോൾ 2000 ൽ താഴെ ഇ.എസ്.ഐ ഉണഭോക്താക്കളുള്ള വെഞ്ഞാറമൂട്, റാന്നി, കട്ടപ്പന, കമിളി, കൂത്താട്ടുകുളം, ആലത്തൂർ, മണ്ണാർക്കാട്, കുറ്റനാട്, കൊണ്ടോട്ടി, ബാലുശ്ശേരി, താമരശ്ശേരി, മാനന്തവാടി, എന്നീ 12 ഇ.എസ്.ഐ ഡിസ്പെൻസറികളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് മൂന്ന് വർഷത്തിനു ശേഷം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ.കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ. (ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ, ഇ.എസ്.ഐ.കോർപ്പറേഷൻ. പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്/ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയാ) വകുപ്പിന് (സർക്കാറിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ധനകാര്യ വകുപ്പ് ( 14.06.2017 ലെ (264309)/ എച്ച് & എൽ ബി1/166/2016/ധന പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1435 തീയതി 13/09/2017 പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

സെക്ഷൻ ഓഫീസർ